# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം:1630** — **11.02.2013 -ൽ മറുപടി നൽകേണ്ടിയിരുന്നത്**

### മൊബൈൽ ടവറുകൾ ഉയർത്തുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**<br>**വകുപ്പു മന്ത്രി** |
| (എ) മൊബൈൽ ടവറുകൾ ഉയർത്തുന്ന കാൻസർ, വന്ധ്യത, മസ്തിഷ്ക രോഗങ്ങൾ എന്നിവയുൾപ്പെടെ ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുവാൻ ഓംബുഡ്സ്മാൻ നിർദ്ദേശം നൽകിയിരുന്നോ ;<br><br>(ബി) എങ്കിൽ അത്തരം വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (എ) & (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) കേരള മുനിസിപ്പൽ ബിൽഡിംഗ് ചട്ടവും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ നിബന്ധനകളും പാലിക്കാതെ ടവറുകൾ സ്ഥാപിക്കാൻ അനുമതി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) | മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX - ൽ പ്രതിപാദിക്കുന്നുണ്ട്. പ്ലോട്ടിന്റെ അതിരുകളും ഉടമസ്ഥാവകാശവും, പ്ലാനും, ഡ്രോയിംഗുകളും, സർട്ടിഫിക്കറ്റുകളുടെ യാഥാർത്ഥ്യത എന്നിവ ബോദ്ധ്യപ്പെട്ടിട്ടാണ് മുനിസിപ്പൽ സെക്രട്ടറി ഇത്തരം നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകേണ്ടത് എന്ന് ചട്ടം 141 (8) - ൽ പ്രതിപാദിക്കുന്നുണ്ട്. നിയമ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പെർമിറ്റ് നൽകുന്നതിനു മുമ്പ് മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുണ്ട്. വ്യവസ്ഥകൾ പാലിക്കാതെ അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**